# കുട്ടികൾക്കു വിഷം വിളമ്പുന്നവർ

രേഖാ മേനോൻ

മലയാളത്തിൽ പുറത്തിറങ്ങിക്കൊണ്ടിരിക്കുന്ന കുട്ടികളുടെ പ്രസിദ്ധീകരണങ്ങളെക്കുറിച്ച് ഒരു വിചാരണ നടത്തേണ്ടതുണ്ട്. മനോരമയുടെ ബാലരമ, മാതൃഭൂമിയുടെ ബാലഭൂമി, മനോരാജ്യത്തിന്റെ പൂമ്പാറ്റ, മംഗളത്തിന്റെ ബാലമംഗളം, ദീപികയുടെ കുട്ടികളുടെ ദീപിക, ചന്ദ്രികയുടെ ബാലചന്ദ്രിക, ദേശാഭിമാനിയുടെ തത്തമ്മ, കുങ്കുമത്തിന്റെ മുത്തശ്ശി എന്നിങ്ങനെ ഒരു ഡസനിലേറെ കുട്ടികളുടെ പ്രസിദ്ധീകരണങ്ങളുണ്ട് മലയാളത്തിൽ. വാരികയായും ദ്വൈവാരികയായും മാസികയായും അവ പ്രസിദ്ധീകരിക്കപ്പെടുന്നു. അക്ഷരാഭ്യാസം ആരംഭിച്ചുതുടങ്ങിയ കുട്ടികളെ ലക്ഷ്യമിട്ടുകൊണ്ട് ഈയടുത്ത് ആരംഭിച്ച കളിക്കുടുക്ക, പാവക്കുട്ടി, തത്തമ്മ എന്നീ പ്രസിദ്ധീകരണങ്ങളും ഉണ്ട്.

ഇക്കൂട്ടർക്കെല്ലാംതന്നെ തങ്ങളുടെ പത്രവ്യാപാരത്തിന്റെ ഒരു ഭാഗം മാത്രമാണ് ബാലപ്രസിദ്ധീകരണങ്ങൾ. പത്രത്തിന്റെയും വാരികയുടെയും കാര്യത്തിലെന്നപോലെ കുട്ടികളുടെ പ്രസിദ്ധീകരണം നടത്തുന്നതിനുപുറകിലും ലക്ഷ്യമൊന്നേയുള്ളൂ - ലാഭം. ലാഭക്കണ്ണിലൂടെ മാത്രം കാര്യങ്ങൾ കാണുന്നവർ, കുട്ടികളുടെ പ്രസിദ്ധീകരണങ്ങൾ ശ്രദ്ധിക്കേണ്ടതായ ഒന്നിലും ശ്രദ്ധചെലുത്താതെ എത്രമാത്രം കോപ്പികൾ കൂടുതൽ ചെലവാക്കാനാകും എന്ന കാര്യത്തിൽ മാത്രമേ ശ്രദ്ധിക്കുന്നുള്ളൂ.

ഒരു കളർ പുറംചട്ട, പകുതിയോളം പേജുകളിൽ ചിത്രകഥകൾ, 'പണ്ടു പണ്ട്' ഒരു കാലത്ത് നടന്ന നാലഞ്ചു കഥകൾ, ഏതാനും കുട്ടിക്കവിതകൾ, ഏതെങ്കിലുമൊക്കെ കച്ചവടസ്ഥാപനങ്ങളുമായി യോജിച്ചു നടത്തുന്ന നാലോ - അഞ്ചോ മത്സര സമ്മാന പദ്ധതികൾ, പേരിന് ഒരു ലേഖനം പിന്നെ ഏതാനും പരസ്യങ്ങൾ. ഈ അവിയൽ ഘടന എല്ലാ മലയാള ബാലപ്രസിദ്ധീകരണങ്ങളും ഒരേപോലെ അംഗീകരിച്ചിരിക്കുന്നു.

## അവ കുട്ടികളിൽ നിന്നും സത്യം മറയ്ക്കുന്നു

ഈ കുട്ടിപ്രസിദ്ധീകരണങ്ങളിൽ വരുന്ന കഥകളുടെയും ചിത്രകഥകളുടെയും ഒക്കെ പ്രമേയം നോക്കുക. നമ്മുടെ കുട്ടികൾ ജീവിച്ചുവളരുന്ന ഈ സമൂഹത്തിന്റെ അവസ്ഥയെക്കുറിച്ച്, അതിന്റെ നന്മ- തിന്മകളെക്കുറിച്ച്, അവയുടെ കാരണങ്ങളെക്കുറിച്ച്, നല്ലൊരു സമൂഹം നിർമിക്കുന്നതിൽ കുട്ടികൾക്കുള്ള പങ്കിനെക്കുറിച്ച്- ഈ വിഷയങ്ങളൊന്നും അബദ്ധത്തിൽപോലും ഇവയുടെയൊന്നും പ്രമേയമാകുന്നില്ല.

പകുതി കഥകളിലും മൃഗങ്ങളായിരിക്കും കഥാപാത്രങ്ങൾ. മനുഷ്യർ കഥാപാത്രങ്ങളായി വരുന്ന കഥകളെല്ലാംതന്നെ 'പണ്ട് പണ്ട് ഒരു രാജ്യത്ത്' നടന്നവയായിരിക്കും. കുട്ടികളുടെ യഥാർത്ഥ ചുറ്റുപാടുകളിൽനിന്നും അവരെ പൂർണമായും അകറ്റുകയാണ് ഇക്കഥകൾ ചെയ്യുന്നത്. കുട്ടികൾ വിഡ്ഢികളല്ല. അവർ അറിഞ്ഞും അനുഭവിച്ചും പ്രതികരിച്ചും വളരുന്നവരാണ്. **കുട്ടികൾ കാണുകയും അറിയുകയും അനുഭവിക്കുകയും നേരിടുകയും ചെയ്യുന്ന പ്രശ്നങ്ങളെ വിശകലനം ചെയ്യാൻ ഇന്നത്തെ ഒരു കുട്ടിപ്രസിദ്ധീകരണവും തയാറാകുന്നില്ല.**

**നിങ്ങൾ ജീവിക്കുന്ന ഈ ലോകം എങ്ങിനെയാണ്; അതിനെ കൂടുതൽ സുന്ദരമാക്കുവാൻ നിങ്ങൾക്കെന്തു ചെയ്യാനാകും - ഇതാണ് ഏതൊരു ബാലപ്രസിദ്ധീകരണത്തിന്റെയും പ്രത്യക്ഷവും പരോക്ഷവുമായ ഉള്ളടക്കമായിരിക്കേണ്ടത്. പക്ഷേ, നമ്മുടെ പ്രസിദ്ധീകരണങ്ങളിൽ**

**അഴിമതി, അക്രമങ്ങൾ, കൈക്കൂലി, സ്ത്രീധനം, കൊള്ളപ്പലിശ എന്നീ വിഷയങ്ങൾ പോട്ടെ; നിങ്ങൾ മദ്യപിക്കരുതെന്നോ പുകവലിക്കരുതെന്നോ മിഠായി തിന്നുന്നത് നല്ലതല്ലെന്നോ ഉള്ള ലളിതമായ ആരോഗ്യപാഠങ്ങൾപോലും നേരിട്ടുപറയാൻ ഇവ തയാറാകുന്നില്ല.**

**തീരെ കാണാത്തതും ഇതുതന്നെ.**

## അവ കുട്ടികളെ തെറ്റിദ്ധരിപ്പിക്കുന്നു

മൃഗകഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന കഥകൾ നോക്കുക. മൃഗകഥാപാത്രങ്ങളെല്ലാം മനുഷ്യരെപ്പോലെ ചിത്രീകരിക്കപ്പെടുന്നു. **അസൂയ, കുശുമ്പ്, വഞ്ചന, ചതിപ്രയോഗം തുടങ്ങി മൃഗങ്ങൾക്കു പരിചയമില്ലാത്ത വികാര-വിചാരങ്ങളെല്ലാം അവയുടെമേൽ കെട്ടിവയ്ക്കുന്നു.** മനുഷ്യർക്കിടയിലെപ്പോലെ മൃഗങ്ങൾക്കിടയിലും രാജാവ്, മന്ത്രി, സേനാനായകൻ എന്നിങ്ങനെയുള്ള ഭരണകൂടസംവിധാനവും തൊഴിലിൽ ആൺ-പെൺ വിഭജനവും കൃത്യമായ കുടുംബസംവിധാനങ്ങളുമൊക്കെ ഉള്ളതായി അവതരിപ്പിക്കപ്പെടുന്നു. മനുഷ്യനുമാത്രം സ്വന്തമായ സ്വാർത്ഥതയും കുടിലബുദ്ധിയും അതിന്റെ ഭാഗമായുണ്ടായ സാമൂഹ്യസംവിധാനങ്ങളും മറ്റു ജീവികൾക്കിടയിലും നിലനിൽക്കുന്ന, ഒഴിവാക്കാനാകാത്ത ചിട്ടവട്ടങ്ങളാണെന്ന് തെറ്റിദ്ധരിപ്പിക്കുന്നവയാണ് ഈ മൃഗകഥകളെല്ലാംതന്നെ. **രാജ്യദ്രോഹക്കുറ്റംപോലെ മൃഗദ്രോഹക്കുറ്റം എന്നൊന്നുണ്ടെങ്കിൽ നമ്മുടെ കുട്ടിപ്രസിദ്ധീകരണക്കാരൊക്കെ ജയിലിനുള്ളിലാവേണ്ടിവരും.**

## അവ കുട്ടികളുടെ ഭാവനയെ വികലമാക്കുന്നു

കുട്ടിപ്രസിദ്ധീകരണങ്ങളിൽ പകുതിപുറങ്ങളിലും ചിത്രകഥകളായിരിക്കും. കുട്ടികഥകളിൽ ധാരാളം വിചിത്രരൂപങ്ങളും വിചിത്രസംഭവങ്ങളും ഉണ്ടായിരിക്കും - രാക്ഷസൻ, മന്ത്രവാദി, ദേവത, മത്സ്യകന്യക, സ്വർണക്കുതിര... എന്നിങ്ങനെ. ഇവയെല്ലാം വാക്കുകളിലൂടെ വിവരിക്കപ്പെടുകയും കുട്ടി താൻകേട്ട വിവരങ്ങൾക്കനുസരിച്ച് സ്വന്തം മനസിൽ ഒരു രൂപം ഉണ്ടാക്കിയെടുക്കുകയുമാണ് വേണ്ടത്. ചിത്രകഥകൾ എല്ലാം വരച്ചുകാണിച്ച് കുട്ടിയുടെ ഭാവനയ്ക്കു ചെയ്യേണ്ടതായ ഒന്നും ഇല്ലാതാകുന്നു.

ഉദാഹരണത്തിന്, പത്തുതലയുള്ള രാവണൻ എന്നു കേൾക്കുമ്പോൾ കുട്ടിയുടെ ഭാവന അത്തരമൊരു രൂപം മെനഞ്ഞെടുക്കാൻ എത്രമാത്രം വിശകലനം നടത്തുമെന്നാലോചിക്കുക. അവനുള്ള അറിവും അനുഭവവും യുക്തിയും വെച്ച് അവന് സ്വയം ചോദ്യങ്ങൾ ചോദിക്കുകയും ഉത്തരങ്ങൾ കണ്ടെത്തുകയും അവയ്ക്ക് ഇടയ്ക്കിടെ പൊളിച്ചെഴുത്തും കൂട്ടിച്ചേർക്കുകയും നടത്തുകയുമൊക്കെ ചെയ്യും. അതായത് അത്തരം വിചിത്രകഥാപാത്രങ്ങൾ കുട്ടിയുടെ ഭാവനയെ ഉദ്ദീപിപ്പിക്കുന്നു. പക്ഷേ, പത്തുതലയുള്ള രാവണനേയും ഭീകരസംഘടനയുമൊക്കെ വരച്ചുവയ്ക്കുന്ന ചിത്രകഥകൾ വായിക്കുന്ന ഇന്നത്തെ തലമുറയ്ക്ക് സ്വയം ഭാവന ഉപയോഗിക്കേണ്ടിവരുന്നില്ല. അത് വലിയൊരു അപകടമാണ്.

## അവ വിനോദിപ്പിക്കുക മാത്രം ചെയ്യുന്നു

രസകരമായ കാര്യങ്ങൾ അവതരിപ്പിക്കുകമാത്രമാണ് ഇന്ന് ബാലപ്രസിദ്ധീകരണങ്ങൾ ചെയ്യുന്നത്. ലേഖനങ്ങളുടെ എണ്ണം മിക്കപ്പോഴും ഒന്നുമാത്രമായിരിക്കും. അതും ഉണ്ടാകണമെന്നില്ല. മുത്തശ്ശിക്കഥകൾക്കും അക്ഷരപ്പാട്ടുകൾക്കും അപ്പുറത്തുള്ള ഒരു ലോകത്തെക്കുറിച്ച് കുട്ടികൾക്ക് തീരെ താത്പര്യം പാടില്ല എന്ന മട്ടിലാണ് അവയുടെ നിൽപ്. ഒരുമണിക്കൂർ കുട്ടികളെ രസിപ്പിക്കുന്ന ഒരു പൊടിക്കൈ പ്രയോഗം, അൽപമെങ്കിലും ഗൗരവമുള്ള യാതൊന്നും കലരാത്ത ഒരു പഞ്ചാരമിഠായിപ്പരുവം - അതാണ് കുട്ടിപ്രസിദ്ധീകരണക്കാരുടെ മാതൃകാപ്രസിദ്ധീകരണസങ്കല്പം.

വല്ലപ്പോഴും സംഭവിക്കുന്ന രാജ്യദ്രോഹക്കുറ്റത്തിനപ്പുറം നമ്മുടെ ബാലപ്രസിദ്ധീകരണങ്ങളിൽ സ്ഥിരം നടന്നുകൊണ്ടിരിക്കുന്ന, കുട്ടികൾക്കു ദ്രോഹകരമായ കുറ്റങ്ങളെക്കുറിച്ച്, ഇനിയെങ്കിലും ചിന്തിച്ചുതുടങ്ങേണ്ടിയിരിക്കുന്നു.

## ബാലരമയ്ക്കെതിരേ രാജ്യദ്രോഹക്കുറ്റം

കുട്ടികൾക്കുള്ള പ്രസിദ്ധീകരണമായ ബാലരമയുടെ ജൂലൈ ആദ്യലക്കത്തിൽ ഒരു ലേഖനത്തിന്റെ കൂടെ പ്രസിദ്ധീകരിച്ച ഇന്ത്യാഭൂപടം വസ്തുതാപരമായി തെറ്റായിരുന്നു. ഇന്ത്യയുടെ ഭാഗമായ ജമ്മുകാശ്മീരിന്റെ കുറേ ഭാഗങ്ങൾ പാക്കിസ്ഥാന്റേതാണ് എന്നു തോന്നിപ്പിക്കും വിധത്തിലായിരുന്നു ആ ഭൂപടം.

ഇന്ത്യാ ഗവൺമെന്റ് അംഗീകരിച്ചിറക്കിയിട്ടുള്ള ഭൂപടത്തിൽനിന്നും വ്യത്യസ്തമായി, രാജ്യത്തിന്റെ ഭൂപടം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതും പ്രദർശിപ്പിക്കുന്നതും രാജ്യദ്രോഹക്കുറ്റമാണ്. ബാലരമയ്ക്കെതിരേ ഒരു വ്യക്തി പരാതി ബോധിപ്പിച്ചതിനെതുടർന്ന് കോടതി പ്രസ്തുത പ്രസിദ്ധീകരണത്തിനെതിരെ രാജ്യദ്രോഹക്കുറ്റം ചുമത്തി, അന്വേഷണം നടത്താൻ പോലീസിനെ നിയോഗിച്ചിരിക്കുകയാണ്.